# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 181- 12/6/2018-ലെ മറുപടിക്ക്

### <u>പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സർക്കാർ ഉന്നയിച്ച ആവശ്യങ്ങൾ</u>

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ ഹൈബി ഈഡൻ**<br>**ശ്രീ വി.ഡി.സതീശൻ**<br>**ശ്രീ വി.ടി. ബൽറാം**<br>**ശ്രീ റോജി എം.ജോൺ** | **ഡോ. ടി.എം.തോമസ് ഐസക്**<br>**ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| | **ചോദ്യം** | **ഉത്തരം** |
| എ | കേരളം സന്ദർശിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സർക്കാർ എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; വിശദമാക്കുമോ; | ധനകാര്യ കമ്മീഷന് നല്കിയ നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ / ശുപാർശകൾ താഴെ പറയുന്നവയാണ്.<br>• സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നല്കുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനം ആയി ഉയർത്തുക.<br>• പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് 8-ൽ 2011-ലെ സെൻസസ് അടിസ്ഥാനമാക്കി വിഭവവിഭജനം നടത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള വിവേചനാധികാരം കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക്, ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെ പറയുന്ന |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.<br><br>മാനദണ്ഡം — വെയിറ്റേജ്<br><br>ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി - 30 %<br>ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി)- 30 %<br>വരുമാന അന്തരം - 20 %<br>വിസ്തീർണ്ണം- 10 %<br>വനമേഖല- 10 %<br><br>• പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്<br>• തീരദേശപരിപാലനം - 1500 കോടി<br>• വന സംരക്ഷണം - 1000 കോടി<br>• മെച്ചപ്പെട്ട തൊഴിൽ ലഭ്യതക്കാവശ്യമായ നൈപുണ്യ വികസനം - 750 കോടി<br>• റബർ കർഷകർക്ക് ആശ്വാസം - 250 കോടി<br>• മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി<br>• റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക്ക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും , ബാക്കി 30% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, |

| | | |
|---|---|---|
| | | അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്ന-താണ്.<br>• SDRF-ന്റെ കോർപ്പസ് 3000 കോടി രൂപയായി ഉയർത്തണമെന്നും ആയതിലെ കേന്ദ്ര വിഹിതം 90 ശതമാനമായി ഉയർത്തണമെന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പബ്ലിക് കലാമിറ്റി ഇൻഷ്വറൻസ് സ്കീം , വാർഡ് ലെവൽ കലാമിറ്റി റസ്പോൺസ് ഫണ്ട് , ജൻഡർ സെൻസിറ്റീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നിവക്ക് ഗ്രാന്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>• സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP യുടെ 3 % നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതി-രിക്കുകയും ചെയ്യുക.<br>• തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ശുപാർശ ചെയ്യുക. |
| ബി | പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് അനുവദിച്ച 42 ശതമാനം വിഹിതം നിലവിലെ സാഹചര്യങ്ങൾക്ക് മതിയാകില്ലെന്ന് കമ്മീഷൻ മുമ്പാകെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അതിനായി നിരത്തിയ കാരണങ്ങൾ എന്തൊക്കെയാണ് | ഉണ്ട്. വർദ്ധിച്ച് വരുന്ന സെസ്സിന്റേയും സർചാർജ്ജുകളുടേയും ഫലമായി സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിൽ (തനി) ഉണ്ടായ കുറവ് പരിഹരിക്കുന്നതിന് വേണ്ടിയും, ജിഎസ് റ്റിയുടെ ഫലമായി കേന്ദ്രവും സംസ്ഥാനവും തുല്യനിരക്കിൽ നികുതി പങ്കിടുന്നത് മൂലം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന നികുതിയിൽ ഉണ്ടായ കുറവ് , കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതത്തിൽ ഉണ്ടായ കുറവ് എന്നിവ പരിഹരിക്കുന്നതിനും, കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള് റവന്യൂ വരവ് ചെലവുകളിലെ വർദ്ധിച്ച് വരുന്ന അന്തരം ഇല്ലാതാക്കുന്നതിനും , നികുതി വിഭജനത്തിന് മുമ്പും അതിന് ശേഷവും കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള |

| | | |
|---|---|---|
| | | വിഭവലഭ്യതയിലുള്ള അന്തരം പരിഹരിക്കുന്നതിനും ആയി പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് അനുവദിച്ച 42 ശതമാനം വിഹിതം 50 ശതമാനമായി വർദ്ധിപ്പിച്ച് നൽകണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി | തകർന്ന് കൊണ്ടിരിക്കുന്ന റബർ മേഖലയെ സംരക്ഷിക്കുന്നതിന് ഏത് തരം ഇടപെടൽ ഉണ്ടാകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; | റബർ കർഷകർക്കുള്ള ആശ്വാസത്തിനായി 250 കോടി രൂപ വകയിരുത്തണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി | മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്തിന് നൽകണമെന്നും ജനസംഖ്യ വർദ്ധനവ് നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള സംസ്ഥാനങ്ങൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കരുത് എന്നും ആവശ്യപ്പെട്ടിട്ടുണ്ടോ | ഉണ്ട്. |
| ഇ | പ്രകൃതി ദുരന്തങ്ങൾക്കുള്ള സഹായമായി പ്രത്യേകമായ എന്ത് പദ്ധതി ആവിഷ്കരിക്കണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ; | SDRF-ന്റെ കോർപ്പസ് 3000 കോടി രൂപയായി ഉയർത്തണമെന്നും ആയതിലെ കേന്ദ്ര വിഹിതം 90 ശതമാനമായി ഉയർത്തണമെന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പബ്ലിക് കലാമിറ്റി ഇൻഷ്വറൻസ് സ്കീം , വാർഡ് ലെവൽ കലാമിറ്റി റസ്പോൺസ് ഫണ്ട് , ജൻഡർ സെൻസിറ്റീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നിവക്ക് ഗ്രാന്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ